**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 491** **28-01-2026-ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അഹമ്മദ് ദേവർകോവിൽ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായത്തിൽ ഏതെല്ലാം ഇനങ്ങളിലായി എത്ര കോടി രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**മറുപടി:** 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ആകെ 198.91 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങളും കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിലവിലുള്ള കുടിശ്ശികയുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങളും ചുവടെ കൊടുക്കുന്നു.

| **ഇനം** | **കുടിശ്ശിക (തുക കോടിയിൽ)** |
|---|---|
| Urban Local Body Grant | 188.65 |
| Health Grant | 10.26 |
| ആകെ | 198.91 |

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിലവിലുള്ള കുടിശ്ശിക

| **വകുപ്പ്** | **കുടിശ്ശിക (തുക കോടിയിൽ)** | **കുടിശ്ശിക തുക ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ** |
|---|---|---|
| **കേരള വാട്ടർ അതോറിറ്റി** | 2097.06 | 2024-25 സാമ്പത്തിക വർഷത്തിൽ 1949.36 കോടി രൂപയാണ് ജൽ ജീവൻ മിഷൻ പദ്ധതിക്കായി അനുവദിച്ചത്. എന്നാൽ, പദ്ധതിയുടെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടും കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകേണ്ട രണ്ടാമത്തെ ഗഡുവായ 974.68 കോടി രൂപ ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നുള്ള തത്തുല്യ വിഹിതം ലഭിക്കുമെന്ന ഉറപ്പിന്മേൽ, സംസ്ഥാന സർക്കാർ രണ്ടാം ഗഡു ഇനത്തിൽ 500 കോടി രൂപ മുൻകൂറായി സംസ്ഥാന വിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം, നബാർഡിൽ നിന്നും വായ്പ ലഭ്യമാക്കി, സംസ്ഥാന വിഹിതമായി 3000 കോടി രൂപ ജൽ ജീവൻ |

| | | |
|---|---|---|
| | | മിഷന്റെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. |
| **കിർടാഡ്സ്** | 4.80 | വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര സഹായത്തിൽ കുറവ് വന്ന 4.80 കോടി രൂപ റിലീസ് ചെയ്ത് നൽകുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| **മൃഗസംരക്ഷണ വകുപ്പ്** | 0.92 | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേയുടെ ശമ്പളയിനത്തിൽ (50:50) 2021-22 മുതൽ 2025-26 വരെ കുടിശ്ശികയായ 0.92 കോടി രൂപ ലഭ്യമാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന് കത്തുകൾ നൽകിയിട്ടുണ്ട്. |
| **പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് (സിവിൽ സപ്ലൈസ്)** | 38.46 | കേന്ദ്രാവിഷ്കൃത പദ്ധതിയായ “Assistance to State agencies for intra-state movement of Foodgrains, FPS dealer’s margins and FPS dealer’s additional margin under NFSA – 2013” പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്ര സഹായത്തിൽ 38.464 കോടി രൂപയുടെ കുറവ് വന്ന സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുകയും അർഹതപ്പെട്ട ബാക്കി കേന്ദ്ര സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ക്ലെയിം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| **തദ്ദേശസ്വയംഭരണ വകുപ്പ്** | 708.61 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGS) - യുടെ കുടിശ്ശിക തുകയായ 365.77 കോടി രൂപയും ദേശീയ സാമൂഹിക സഹായ പദ്ധതി (NSAP)-യുടെ കുടിശ്ശിക തുകയായ 342.84 കോടി രൂപയും ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| **സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്** | 59.21 | EARAS പദ്ധതിയിൽ 2025-26 ലേക്കുള്ള ഭരണാനുമതി, മുൻ വർഷങ്ങളിലെ കുടിശ്ശിക തുക കൂടി ചേർത്ത് 110.00 കോടി രൂപയായി പരിഷ്കരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര കൃഷി-കർഷകക്ഷേമ മന്ത്രാലയത്തിലേക്ക് കത്തുകൾ നൽകിയിട്ടുണ്ട്. |
| **കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്** | 1.19 | ദേശീയ ബയോഗ്യാസ് വികസന പദ്ധതിക്ക് 2021-22 മുതൽ നിലനിൽക്കുന്ന 1.19 കോടി രൂപയുടെ കുടിശ്ശിക ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട മന്ത്രാലയവുമായി സ്ഥിരമായ കത്തിടപാടുകളും കേന്ദ്ര മന്ത്രാലയങ്ങൾ നടത്തുന്ന റിവ്യൂ യോഗങ്ങളിൽ സംസ്ഥാനത്തിന്റെ ഭാഗത്ത് നിന്ന് കുടിശ്ശിക വിഷയങ്ങൾ ഔദ്യോഗികമായി ഉന്നയിക്കുകയും ടി വിഷയത്തിൽ അടിയന്തര പരിഗണന ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| **സാമൂഹ്യനീതി ഡയറക്ടറേറ്റ്** | 2.57 | NAPDDR പദ്ധതിയുടെ കീഴിൽ ആരംഭിച്ചിട്ടുള്ള രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾക്കുള്ള കേന്ദ്ര വിഹിതത്തിന്റെ കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള പ്രൊപോസൽ 21-01-2025 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

**(ബി)** കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട സാമ്പത്തിക സഹായത്തിലെ കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ആകെ 198.91 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങളും കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിലവിലുള്ള കുടിശ്ശികയുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങളും ചുവടെ കൊടുക്കുന്നു.

| ഇനം | കുടിശ്ശിക (തുക കോടിയിൽ) |
|---|---|
| Urban Local Body Grant | 188.65 |
| Health Grant | 10.26 |
| ആകെ | 198.91 |

<u>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിലവിലുള്ള കുടിശ്ശിക</u>

| വകുപ്പ് | കുടിശ്ശിക (തുക കോടിയിൽ) | കുടിശ്ശിക തുക ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ |
|---|---|---|
| **കേരള വാട്ടർ അതോറിറ്റി** | 2097.06 | 2024-25 സാമ്പത്തിക വർഷത്തിൽ 1949.36 കോടി രൂപയാണ് ജൽ ജീവൻ മിഷൻ പദ്ധതിക്കായി അനുവദിച്ചത്. എന്നാൽ, പദ്ധതിയുടെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടും കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകേണ്ട രണ്ടാമത്തെ ഗഡുവായ 974.68 കോടി രൂപ ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നുള്ള തത്തുല്യ വിഹിതം ലഭിക്കുമെന്ന ഉറപ്പിന്മേൽ, സംസ്ഥാന സർക്കാർ രണ്ടാം ഗഡു ഇനത്തിൽ 500 കോടി രൂപ മുൻകൂറായി സംസ്ഥാന വിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം, നബാർഡിൽ നിന്നും വായ്പ ലഭ്യമാക്കി, സംസ്ഥാന വിഹിതമായി 3000 കോടി രൂപ ജൽ ജീവൻ മിഷന്റെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. |
| **കിർടാഡ്സ്** | 4.80 | വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര സഹായത്തിൽ കുറവ് വന്ന 4.80 കോടി രൂപ റിലീസ് ചെയ്ത് നൽകുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| **മൃഗസംരക്ഷണ വകുപ്പ്** | 0.92 | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേയുടെ ശമ്പളയിനത്തിൽ (50:50) 2021-22 മുതൽ 2025-26 വരെ കുടിശ്ശികയായ 0.92 കോടി രൂപ ലഭ്യമാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന് കത്തുകൾ നൽകിയിട്ടുണ്ട്. |
| **പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് (സിവിൽ സപ്ലൈസ്)** | 38.46 | കേന്ദ്രാവിഷ്കൃത പദ്ധതിയായ “Assistance to State agencies for intra-state movement of Foodgrains, FPS dealer’s margins and FPS dealer’s additional margin under NFSA – 2013” പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്ര സഹായത്തിൽ 38.464 കോടി രൂപയുടെ കുറവ് വന്ന സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുകയും അർഹതപ്പെട്ട ബാക്കി കേന്ദ്ര സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ക്ലെയിം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| **തദ്ദേശസ്വയംഭരണ വകുപ്പ്** | 708.61 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGS) - യുടെ കുടിശ്ശിക തുകയായ 365.77 കോടി രൂപയും ദേശീയ സാമൂഹിക സഹായ പദ്ധതി (NSAP)-യുടെ കുടിശ്ശിക തുകയായ 342.84 കോടി രൂപയും ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| **സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്** | 59.21 | EARAS പദ്ധതിയിൽ 2025-26 ലേക്കുള്ള ഭരണാനുമതി, മുൻ വർഷങ്ങളിലെ കുടിശ്ശിക തുക കൂടി ചേർത്ത് 110.00 കോടി രൂപയായി പരിഷ്കരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര കൃഷി-കർഷകക്ഷേമ മന്ത്രാലയത്തിലേക്ക് കത്തുകൾ നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| **കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്** | 1.19 | ദേശീയ ബയോഗ്യാസ് വികസന പദ്ധതിക്ക് 2021-22 മുതൽ നിലനിൽക്കുന്ന 1.19 കോടി രൂപയുടെ കുടിശ്ശിക ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട മന്ത്രാലയവുമായി സ്ഥിരമായ കത്തിടപാടുകളും കേന്ദ്ര മന്ത്രാലയങ്ങൾ നടത്തുന്ന റിവ്യൂ യോഗങ്ങളിൽ സംസ്ഥാനത്തിന്റെ ഭാഗത്ത് നിന്ന് കുടിശ്ശിക വിഷയങ്ങൾ ഔദ്യോഗികമായി ഉന്നയിക്കുകയും ടി വിഷയത്തിൽ അടിയന്തര പരിഗണന ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| **സാമൂഹ്യനീതി ഡയറക്ടറേറ്റ്** | 2.57 | NAPDDR പദ്ധതിയുടെ കീഴിൽ ആരംഭിച്ചിട്ടുള്ള രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾക്കുള്ള കേന്ദ്ര വിഹിതത്തിന്റെ കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള പ്രൊപോസൽ 21-01-2025 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**